"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.വിമൽ ചന്ദ്രൻ.ആർ, അസ്സിസ്റ്റന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് എന്നവരുടെ കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.504/2026/LSGD തീയതി,തിരുവനന്തപുരം, 27-02-2026

---

പരാമർശം:-

1. 10/05/2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28/11/2013-ലെ സ.ഉ.(പി)നം.580/2013/ധന
3. 02/02/2023-ലെ സ.ഉ.(സാധാ)നം.306/2023/തസ്വഭവ
4. 08/02/2024-ലെ സ.ഉ.(സാധാ)നം.323/2024/തസ്വഭവ
5. 10/02/2025-ലെ സ.ഉ.(സാധാ)നം.407/2025/തസ്വഭവ
6. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04/02/2026 -ലെ 1951/E1/2023/KSHO നം. കത്ത്.

**ഉത്തരവ്**

ശ്രീ.വിമൽ ചന്ദ്രൻ.ആർ, സെക്രട്ടറി, ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് എന്നവരെ പരാമർശം (3) പ്രകാരം കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ 09/02/2023 മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (4-5) ഉത്തരവുകൾ പ്രകാരം അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നല്കുകയും ചെയ്തിട്ടുണ്ട്. ടിയാളുടെ നിലവിലെ തസ്തിക അസ്സിസ്റ്റന്റ് ഡയറക്ടർ ആയിട്ടുണ്ടെന്നും അന്യത്രസേവന കാലാവധി 08/02/2026-ൽ അവസാനിക്കുന്നതായും 09/02/2026 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ചു നല്കണമെന്നും പരാമർശം (6) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ശ്രീ.വിമൽ ചന്ദ്രൻ.ആർ -ന്റെ അന്യത്ര സേവനകാലാവധി 09/02/2026 മുതൽ ഒരു വർഷക്കാലയളവ് വരെ ദീർഘിപ്പിച്ച് നല്കുന്നതിന് തടസ്സമില്ല എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവിലെ നിബന്ധനകളിൽ ഇളവ് അനുവദിച്ച് ശ്രീ.വിമൽ ചന്ദ്രൻ.ആർ, അസ്സിസ്റ്റന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് എന്നവരുടെ കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം-1, ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും, പരാമർശം (1) സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 09/02/2026 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച്

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിനീത വി ആർ
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീ. വിമൽ ചന്ദ്രൻ ആർ, അസ്സിസ്റ്റന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/59/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 27-02-2026 14:47:35

സെക്ഷൻ ഓഫീസർ